**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4095** — **03-03-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ സാധനങ്ങൾ വീട്ടുപടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കടകളിലെത്തി റേഷൻ വാങ്ങാൻ ബുദ്ധിമുട്ടുള്ളവർക്ക് വീട്ടുപടിക്കൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനായി പ്രത്യേക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഇതിനായി ഗുണഭോക്താക്കൾ അധിക തുക നൽകേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ നേരിട്ട് കടകളിലെത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷാ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുന്നതിനു ഭക്ഷ്യപൊതുവിതരണ വകുപ്പ് "**ഒപ്പം**" പദ്ധതി രൂപീകരിച്ച് തൃശ്ശൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വീടുകളു ഏറ്റവും സമീപത്തുള്ള ഓട്ടോറിക്ഷാ തൊഴിലാളികളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ല. ഓട്ടോറിക്ഷാ തൊഴിലാളികളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്തുന്ന പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരു റേഷൻ സാധനങ്ങൾ എല്ലാ മാസവും 10-ന് മുമ്പ് സൗജന്യമായി വീട്ടിൽ ലഭ്യമാക്കും. ടി പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ആദിവാസി കോളനികളിൽ റേഷൻ ഭക്ഷ്യവസ്തുക്കൾ നേരിട്ടെത്തിക്കുന്ന '**സഞ്ചരിക്കുന്ന റേഷൻകട**' പദ്ധതിയുടെ മാതൃകയിലാണ് '**ഒപ്പം**' പദ്ധതിയും നടപ്പിലാക്കുന്നത്. പദ്ധതിയുടെ സുതാര്യത ഉറപ്പാക്കാൻ, റേഷൻ കാർഡ് ഉടമയിൽ നിന്ന് ലഭിക്കുന്ന രസീത് മാനുവൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ആയതിന്റെ വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | അന്ന് തന്നെ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ മേൽ നോട്ടത്തിൽ ഇ-പോസ് മെഷീനുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിനാൽ "**ഒപ്പം**" പദ്ധതി പരാതിരഹിതവും കാര്യക്ഷമവുമായി നടപ്പാക്കാൻ സാധിക്കും. |
| (ബി) | ഇ-പോസ് മെഷീനുകൾ വീടുകളിൽ എത്തിക്കുന്നതിനുള്ള അസൗകര്യം പരിഗണിച്ച് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ സുതാര്യത നിലനിർത്തുന്നതിനായി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും |

സെക്ഷൻ ഓഫീസർ